**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2232** **12-12-2022 - ൽ മറുപടിയ്ക്ക്**

**തോക്ക് ലൈസൻസ് അനുവദിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പുതിയതായി തോക്ക് ലൈസൻസിന് അപേക്ഷിക്കുന്നവർക്ക് ട്രെയിനിംഗ് നിർബന്ധമാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | 2016 ലെ ആയുധ ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം പുതിയ ആയുധ ലൈസൻസ് അനുവദിക്കുന്നതിന് ആംസ് & അമ്മ്യൂണിഷൻ സേഫ്റ്റി ട്രെയിനിംഗ് പൂർത്തിയാക്കേണ്ടതുണ്ട്. ആയതിന്റെ കാലാവധി സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാണ്. നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതുവരെ പോലീസ് വകുപ്പിലെ ആർമർ മുഖേന ട്രെയിനിംഗ് നൽകാവുന്നതാണ് എന്ന് കേന്ദ്ര സർക്കാർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ, പുതുതായി തോക്ക് ലൈസൻസിന് അപേക്ഷിക്കുന്നവർക്ക് ട്രെയിനിംഗ് നൽകുന്നതിന് 01.10.2021 -ലെ സ.ഉ.(സാധാ) നം.2698/2021/ ആഭ്യന്തരം പ്രകാരം പോലീസ് വകുപ്പിന് അനുവാദം നൽകിയിരുന്നു. എന്നാൽ ബഹു.കേരള ഹൈക്കോടതിയുടെ WP(C)No.19708/2022 മേലുള്ള 29.07.2022 ലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ ട്രെയിനിംഗ് പ്രോഗ്രാം താല്ക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്. ചട്ടം 10(3) പ്രകാരം ആയുധ ട്രെയിനിംഗിനുള്ള സിലബസും ഫീസും തീരുമാനിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ബി) | വന്യമൃഗശല്യം രൂക്ഷമായ സാഹചര്യത്തിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടും കോഴിക്കോട് ജില്ലയിൽ തോക്ക് ലൈസൻസ് അനുവദിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ; | (ബി) | ആയുധ പരിശീലന സർട്ടിഫിക്കറ്റ് ഉൾപ്പടെയുള്ളവ ലഭ്യമായിട്ടും തോക്ക് ലൈസൻസ് അനുവദിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | അർഹതയുള്ളവർക്ക് തോക്ക് ലൈസൻസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | അർഹത പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ